എഡിറ്റോറിയൽ...

# തെങ്ങുകർഷകർക്കു താങ്ങായി "നീര"

**കേ**രവൃക്ഷങ്ങളുടെ സമൃദ്ധിയിൽ കേരളമെന്നുപേരുണ്ടായ നാട്ടിലെ കർഷകർ അനേകം വർഷങ്ങളായി അനവധി പ്രശ്നങ്ങൾകൊണ്ട് വലയുകയാണ്. തെങ്ങുകൃഷികൊണ്ടു ജീവിതം നീക്കിയവർക്കു ജീവിക്കാനാവാത്ത അവസ്ഥയായി. വിലക്കുറവ്, തെങ്ങുകയറ്റത്തൊഴിലാളിക്കുറവ്, മണ്ഡരി തുടങ്ങിയ രോഗങ്ങൾകൊണ്ടുണ്ടായ ഉൽപ്പാദനക്കുറവ്, തുടങ്ങിയ പ്രതിസന്ധികൾ തെങ്ങുകർഷകരെ വീർപ്പുമുട്ടിച്ചു. തെങ്ങുകൃഷി തന്നെ അന്യമായ അവസ്ഥയിലായി. തെങ്ങുകൃഷിക്കാരെ രക്ഷിക്കാൻ കോക്കനട്ട് ഡവലപ്മെന്റ് ബോർഡും സർക്കാരുമൊക്കെ ഇടപെട്ടെങ്കിലും പ്രതീക്ഷിച്ചനേട്ടങ്ങൾ ഉണ്ടായില്ല. പച്ചതേങ്ങാ സംഭരണവും, താങ്ങുവിലയുമൊക്കെ കേരകർഷകരെ രക്ഷക്കായി നടപ്പിലാക്കി. എന്നിട്ടും തെങ്ങുകർഷകർക്ക് വലിയ ഗുണം കിട്ടി. കേരളത്തിന്റെ അയൽസംസ്ഥാനക്കാർ തെങ്ങുകൃഷിയിലൂടെ ആദായം നേടി. പക്ഷേ, കേരളത്തിലെ തെങ്ങുകൃഷി നഷ്ടത്തൊഴിലായി നിലനിൽക്കുന്നു. ഇതിൽനിന്നുള്ള ശാശ്വത മോചനം നേടാൻ സർക്കാർ പല പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും അതിലേറ്റവും പ്രധാനപ്പെട്ടത് ഇപ്പോൾ നടപ്പിലാക്കിയ കാര്യം. തെങ്ങിൽനിന്നുള്ള നീരഉൽപ്പാദനം. കേരകർഷക ജീവിതത്തിന്റെ ഉയർത്തെഴുന്നേൽപ്പിനുള്ള ഊർജ്ജനീരായ നീരഉൽപ്പാദനം തുടങ്ങിക്കഴിഞ്ഞു. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നീരയുടെ ലോഞ്ചിംഗും ആദ്യ ലൈസൻസ് വിതരണവും മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു.

നാളികേര ഉത്പ്പാദനത്തെ വലിയതോതിൽ ബാധിക്കാതെ നീര ഉത്പ്പാദിപ്പിക്കുന്നത് കർഷകർക്ക് നല്ല ആദായം ഉണ്ടാക്കിക്കൊടുക്കാം. സർക്കാരിനും സാമ്പത്തികഭദ്രത പകരുന്ന പദ്ധതിയാണിത്. കള്ളുചെത്ത് തൊഴിലാളികൾക്ക് ദോഷമുണ്ടാക്കാത്ത ക്രമീകരണങ്ങളാണ്. ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. നീരയിൽ നിന്ന് തെങ്ങിൻപഞ്ചസാര, തെങ്ങിൻചക്കര, നീര സിറപ്പ്, തേൻ എന്നിവയും ഉണ്ടാക്കാം. ഇതൊക്കെ കർഷകരുടെ ആദായം കൂട്ടും. ഉൽപ്പാദനക്കുറവിൽ തേങ്ങവിറ്റുമാത്രം ആദായമുണ്ടാക്കാൻ പറ്റില്ലെന്ന അനുഭവപാഠം കർഷകർ പഠിച്ചതാണ്. അതിനൊരു മാറ്റം കുറിക്കലാവും നീര ഉത്പ്പാദനം. ഒപ്പം തേങ്ങയിൽനിന്നും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉണ്ടാക്കാനും പദ്ധതിയിടണം. പത്തുവർഷങ്ങൾക്കുമുമ്പേ നീര ഉത്പ്പാദനത്തിനായി ഇൻഡ്യയിലെ ഏറ്റവും വലിയ കർഷക സംഘടനയായ ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ചെയർമാൻ റവ. ഫാ. മാത്യു വടക്കേമുറി - പദ്ധതി തയ്യാറാക്കി - സർക്കാരിനു സമർപ്പിച്ചതാണ്. ഇടതുവലതു സർക്കാരുകൾ അത് ലാഘവത്തോടെ ചവറ്റുകുട്ടയിലാക്കി. അന്നേ നീര ഉത്പ്പാദനം തുടങ്ങിയിരുന്നെങ്കിൽ തെങ്ങുകർഷകർക്ക് വമ്പിച്ചനേട്ടം കിട്ടുമായിരുന്നു. സർക്കാരിനും സാമ്പത്തിക വരുമാനം വർദ്ധിച്ചേനെ. ബഹുമാന്യ വടക്കേമുറിയച്ചൻ വ്യക്തമായ പ്ലാനിങ്ങോടെ ആവിഷ്ക്കരിച്ച കാർഷിക വികസന പദ്ധതികളിൽ പ്രധാനപ്പെട്ടതായിരുന്നു. നീര ഉത്പ്പാദനം. അച്ചൻ നമ്മോടൊപ്പമില്ലെങ്കിലും കർഷകരുടെയുള്ളിൽ ഉണ്ടാവും. അച്ചന് ആഹ്ളാദം പകരുന്ന കാര്യംതന്നെയാണ് സർക്കാർ സാക്ഷാത്ക്കരിച്ചിരിക്കുന്നത്. തെങ്ങുകർഷകർക്കു സാമ്പത്തിക നേട്ടവും കർഷകരല്ലാത്ത അനേകം പേർക്കു തൊഴിലുമാണ് നീര ഉത്പ്പാദനത്തിലൂടെ ലഭിക്കുന്നത്.
ഈ പദ്ധതി ഇട്ടുതല്ലാതെ വിപുലപ്പെടുത്താൻ സർക്കാരും കർഷക കൂട്ടായ്മകളും ശ്രമിക്കണം.